LIBRARY ARCHIVES Kerala Legislative Assembly

കായംകുളം നഗരസഭയിലെ അഴിമതി

292 (1717) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം നഗരസഭയിൽ ടാർ മോഷണവുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) കായംകുളം നഗരസഭയിലെ അഴിമതിയുമായി ബന്ധപ്പെട്ട് പുറത്ത് വന്ന വാർത്തയും, ഇതുമായി ബന്ധപ്പെട്ട് നൽകിയ പരാതിയിന്മേലും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ടാർ മോഷണം സംബന്ധിച്ച് നഗരസഭാ സെക്രട്ടറി പോലീസിൽ പരാതി നൽകിയിരുന്നു. എഫ്.ഐ.ആർ. നമ്പർ 359 ആയി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ കേസ്സ് അന്വേഷണത്തിന് പുരോഗതി ഇല്ലാത്തതിനാൽ അന്വേഷണം ലോക്കൽ പോലീസിൽ നിന്നും ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറണമെന്ന് 12-3-2013-ലെ (നഗരസഭാ കൗൺസിൽ തീരുമാനം നമ്പർ 09) സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് നഗരകാര്യ വകുപ്പിന് കീഴിലുള്ള കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടർക്ക് അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യുവാൻ നഗരകാര്യ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കുന്നംകുളം നഗരസഭയുടെ പ്ലാൻ ഫണ്ട് ഇനത്തിലെ ചെലവ്

293 (1718) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 സാമ്പത്തിക വർഷം കുന്നംകുളം നഗരസഭയ്ക്ക് ബഡ്ജറ്റ് വിഹിതമായി പ്ലാൻ ഫണ്ട് ഇനത്തിൽ എത്ര രൂപയാണ് അനുവദിച്ചത് ;

(ബി) ഇതിൽ തനത് സാമ്പത്തിക വർഷം എത്ര രൂപ ചെലവഴിച്ചു ; ചെലവഴിച്ച തുക അനുവദിച്ച തുകയുടെ എത്ര ശതമാനമാണ് ;

(സി) 2014-15 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി പ്ലാൻ ഫണ്ടിനത്തിൽ എത്ര രൂപ അനുവദിച്ചു ;

(ഡി) അതിൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചു; എത്ര പദ്ധതികൾ നടപ്പാക്കി;

(ഇ) ചെലവഴിച്ച തുക അനുവദിച്ച തുകയുടെ എത്ര ശതമാനമാണ് ; വിശദാംശം നൽകുമോ ?